**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5185** **21-07-2022 - ൽ മറുപടിയ്ക്ക്**

**ഊരകം പനിയാർകുളങ്ങര പാലത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി കെ. എൽ. ഡി. സി നിർമ്മിക്കുന്ന മണലൂർ മണ്ഡലത്തിലെ ഊരകം പനിയാർകുളങ്ങര പാലത്തിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ്; | (എ) | മണലൂർ നിയോജക മണ്ഡലത്തിൽ പനിയാർകുളങ്ങരയിൽ കടാംതോടിനു കുറുകെ നിർമ്മിക്കുന്ന പാലം ആർ.കെ.ഐ പദ്ധതിയിൽ ഉൾപ്പെടുത്തിയല്ല നിർമ്മിക്കുന്നത്. ആർ.ഐ.ഡി.എഫ് സേവിംഗ്സ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഈ നിർമ്മാണം നടത്തിയത്. എസ്റ്റിമേറ്റ് തുക 1,06,00,000/- രൂപയാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്കായി കരാർ വച്ച തീയതി എന്നാണെന്നും കരാർ പ്രകാരം നിർമ്മാണം പൂർത്തീകരിക്കേണ്ട തീയതി എന്നാണെന്നും അറിയിക്കാമോ; | (ബി) | കരാർ വച്ച തീയതി 22.05.2020 ആണ്. നിർമ്മാണം പൂർത്തീകരിക്കേണ്ട തീയതി 30.06.2022 ആണ്. |
| (സി) | നിലവിൽ നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നും ഇനി എത്ര ശതമാനം പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടെന്നും വിശദമാക്കാമോ; | (സി) | പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ, അപ്രോച്ച് റോഡ് പൂർണ്ണമായും ഗതാഗത യോഗ്യമായിട്ടില്ല. |
| (ഡി) | പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ സത്വര നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ? | (ഡി) | മഴ മാറിയതിനു ശേഷം അപ്രോച്ച് റോഡ് വാഹനസഞ്ചാരയോഗ്യമാക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ